പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.1138.

1.7.2015 -ൽ
മറുപടിയ്ക്ക്

## അതി വൈദഗ്ധ്യ സമ്പാദന പദ്ധതി (അസാപ്)

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.ടി.എൻ.പ്രതാപൻ. | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | അതി വൈദഗ്ധ്യ സമ്പാദന പദ്ധതിക്ക് (അസാപ്) തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; | (ബി) | ഹയർസെക്കന്ററി /ബിരുദ വിദ്യാർത്ഥികൾക്ക് റഗുലർ പഠനത്തോടൊപ്പം താൽപ്പര്യമുള്ള വ്യവസായ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ-ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് , വിവരസാങ്കേതിക വിദ്യ , ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ വ്യവസായ പരിശീലക സ്ഥാപനങ്ങൾ ട്രെയിനിംഗ് നൽകിവരുന്നു. ഇതിനകം 954 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്. |
| (സി) | ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്; | (സി) | ഉന്നത, പൊതുവിദ്യാഭ്യാസ വകുപ്പുകളുടെ കീഴിലുള്ള സർക്കാർ, എയ്ഡഡ് കോളേജുകൾ, ഹയർസെക്കന്ററി സ്കൂളുകൾ എന്നിവർ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു എംപവേർഡ് കമ്മിറ്റിയും, ജില്ലാതലത്തിൽ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർമാരും, സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ, എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലും, കോളേജുകളിലും പ്രോഗ്രാം മാനേജർമാർ ചാർജ്ജ് വഹിക്കുന്ന നൈപുണ്യവികസന കേന്ദ്രങ്ങളും, ഇവർക്ക് ഭരണപരമായ നിർദ്ദേശങ്ങളും അംഗീകാരവും നൽകുന്നതിന് ഒരു അസാപ് സെക്രട്ടറിയറ്റും പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.